ഉത്തരം

(എ&ബി) കണ്ണൂർ ജില്ലയിൽ കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് തസ്തികകൾ അനുവദിക്കാത്ത കൃഷി ഭവനുകൾ നിലവിലില്ല.

പഴം, പച്ചക്കറി കൃഷി

137 (4172) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഴം, പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ;

(ഡി) ഇതു നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കാനും വിഷവിമുക്തമായ പച്ചക്കറി ഉല്പാദിപ്പിക്കാനും പുതിയ തലമുറയെ കാർഷിക വൃത്തിയിലേയ്ക്കാകർഷിക്കാനും ലക്ഷ്യമിട്ട് 2015-16-ൽ കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ജൈവ കൃഷിക്ക് ഊന്നൽ നല്കിക്കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ജൈവ രീതിയിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിദ്യാർത്ഥികളിലും യുവജനങ്ങളിലും ഒരു അവബോധം സൃഷ്ടിക്കാനും ജൈവ കൃഷി ആസ്വദമാക്കിയുള്ള ലഘുലേഖകളും കൈപുസ്തകങ്ങളും സംസ്ഥാനത്തെ സ്കൂളുകൾ, കൃഷിഭവനുകൾ എന്നിവ മുഖേന നല്കി വരുന്നുണ്ട്. ആവശ്യമായ പരിശീലന പരിപാടികളും ആസൂത്രണം ചെയ്ത നടപ്പിലാക്കിവരുന്നു. പദ്ധതി മുഖേന ആകെ 32629 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി ചെയ്യാനും 424144 ടൺ പച്ചക്കറി അധികമായി ഉല്പാദിപ്പിക്കുവാനുമാണ് ലക്ഷ്യമിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ, കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി, വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ കേരള, കേരള സ്റ്റേറ്റ് വിത്ത് വികസന അതോറിറ്റി, കൃഷി വകുപ്പ് ഫാമുകൾ, വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എൻ.ജി.ഒ.-കൾ മീഡിയകൾ എന്നിവരെ സഹകരിപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കാൻ 6400 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ എല്ലാ ജില്ലാ കൃഷി ഓഫീസർമാർക്കും കൃഷിഭവൻ ഉദ്യോഗസ്ഥർക്കും നല്കിയിട്ടുണ്ട്.

കൂടാതെ സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന 2015-16 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുവാനായി 81 കോടി രൂപയുടെ കേന്ദ്രാവിഷ്കൃത മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിക്കുള്ള വാർഷിക കർമ്മ പദ്ധതിക്ക് അനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കി വരുന്നു.

മാമം നാളികേര കോംപ്ലക്സിന്റെ പ്രവർത്തനം

138 (4173) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സിന്റെ പുനഃപ്രവർത്തനം സംബന്ധിച്ച നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്നും ഏതെല്ലാം തരത്തിലുള്ള പദ്ധതികളാണ് ഇവിടെ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നും, ഇതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും, ഏതെല്ലാം വകുപ്പിൽനിന്നുമാണ് ഫണ്ട് ലഭ്യമാക്കുന്നതെന്നും വിശദമാക്കുമോ ;

(ബി) പുനഃപ്രവർത്തനം ആരംഭിച്ചശേഷം പുതിയതായി എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നും, ഏതെല്ലാം തസ്തികകളിലാണ് നിയമിച്ചതെന്നും, എന്തടിസ്ഥാനത്തിലാണ് ജീവനക്കാരെ നിയമിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്രതിദിനം 20,000 തേങ്ങ പ്രോസസ്സ് ചെയ്ത് വെർജിൻ കോക്കനട്ട് ഓയിൽ ഉല്പാദിപ്പിക്കുന്ന ഒരു യൂണിറ്റും പ്രതിദിനം 30 ടൺ കൊപ്രയിൽനിന്നും വെളിച്ചെണ്ണ

LIBRARY ARCHIVES Kerala Legislative Assembly